# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4035** **03/02/2014-ൽ മറുപടിക്ക്**

## ആന്റിവെനം ലഭ്യമാക്കാൻ നടപടി

**ചോദ്യം** **മറുപടി**

**ശ്രീ. റ്റി. വി. രാജേഷ്**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | പാമ്പു കടിയേറ്റ് അത്യാസന്ന നിലയിലെത്തുന്നവർക്കുള്ള ജീവൻരക്ഷാ ഔഷധമായ 'ആന്റിവെന'ത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എല്ലാംതന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ആവശ്യാനുസരണം ആന്റിവെനം ലഭ്യമാക്കിവരുന്നു. |
| (ബി) | മെഡിക്കൽ സെയിൽസ് കോർപ്പറേഷൻ മുഖാന്തിരം ആന്റിവെനം ലഭ്യമാക്കുന്നത് തടസ്സപ്പെട്ടിരിക്കുന്നതെന്തുകൊ ണ്ട്; | (ബി) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ആന്റിവെനം ലഭ്യമാക്കുന്നത് തടസ്സപ്പെട്ടിട്ടില്ല. |
| (സി) | കണ്ണൂർ ജില്ലയിൽ പാമ്പുകടിയേറ്റ് ഏറ്റവും കൂടുതൽ പേർ ചികിത്സ തേടിയെത്തുന്ന പരിയാരം മെഡിക്കൽ കോളേജിലും സർക്കാർ ആശുപത്രികളിലും ആന്റിവെനം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന പ്രസ്തുത മരുന്ന് ലഭ്യമാക്കുന്നുണ്ട്. എന്നാൽ വിപണിയിൽ ആന്റിവെനം സുലഭമായി ലഭിക്കാതിരുന്ന സമയത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കണ്ണൂർ ജില്ലാ ആശുപത്രി മുഖേന ആവശ്യത്തിനനുസരിച്ച് സൗജന്യമായി ആന്റിവെനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ